പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5928 28.10.2011 - ൽ മറുപടിയ്ക്ക്

കൊയിലാണ്ടി മുനിസിപ്പൽ ചെയർപേഴ്സൻെറ വസതിയിൽ ബോംബേറ്

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി. കെ. ശാന്ത ടീച്ചറുടെ വസതിയിൽ 14-12-2010-ന് രാത്രി (പുലർ സമയം 2.30) ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻെറ ക്രൈം നമ്പർ വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. ക്രൈം നമ്പർ 1027/2010 |
| (ബി) | പ്രസ്തുത കേസിൽ പ്രതികൾ ആരെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | നഗരസഭാദ്ധ്യക്ഷയെ കൊലപ്പെടുത്താൻ ശ്രമിച്ച ഗൗരവമേറിയ പ്രസ്തുത കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറാകാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) | പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഊർജ്ജിത അന്വേഷണം നടന്നുവരുന്നു. |
| (ഡി) | പ്രസ്തുത കേസിൻെറ അന്വേഷണ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻെറ പേര് വ്യക്തമാക്കാമോ ; | (ഡി) | താമരശ്ശേരി ഡി.വൈ.എസ്.പി ശ്രീ. ജെയ്സൺ കെ. എബ്രഹാം ആണ് ഇപ്പോൾ ഈ കേസ് അന്വേഷിക്കുന്നത്. |
| (ഇ) | കേസിൽ പ്രതികൾക്കെതിരെ ചേർത്തിരിക്കുന്ന വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഇ) | Sec. 143, 147, 148, 448, 427 r/w 149 IPC പ്രകാരവും എക്സ്പ്ളോസീവ് സബ്സ്റ്റൻസ് ആക്ടിലെ 3,5 സെക്ഷനുകൾ പ്രകാരവും. |

സെക്ഷൻ ഓഫീസർ